

# വർണ്ണച്ചിറകുകൾ

## സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂൾ

**ഗോതുരുത്ത്**





## സന്ദേശം

**മ**നുഷ്യരാശിയോളം തന്നെ
പഴക്കമുണ്ട്
ആശയവിനിമയത്തിന്.
മനുഷ്യനെ
സംബന്ധിച്ചിടത്തോളം
വിവരസാങ്കേതികവിദ്യ
അവന്റെ എല്ലാ
ജീവിത തലങ്ങളിലും
ബന്ധപ്പെട്ടുകിടക്കുന്നു.
ഐടി മേഖലയുടെ വികാസം
വിദ്യാലയ
അന്തരീക്ഷത്തിന്
പുത്തനുണർവ് പ്രദാനം
ചെയ്യുന്നു. ലിറ്റിൽ കൈറ്റ്
പോലെയുള്ള സംരംഭങ്ങൾക്ക്
ഇതിന് കഴിയട്ടെ എന്ന്
ആഗ്രഹിക്കുന്നു,
പ്രാർത്ഥിക്കുന്നു.

ഹെഡ്മിസ്ട്രസ്






# OIL CONSERVATION TO HEALTHY AND BETTER ENVIRONMENT

Oil is the one of the important natural resource on earth. Oil is found in the deep seas and beneath the land. As it is a renewable energy, it takes millions of years to form.

Auto mobile vehicles are works through fuel which is extracted from oil. We should conserve oil to get rid of problems in future,



Our prime responsibility or duty to conserve them for tomorrow's our future generation. Environment and life on Earth will be better when oil is conserved with care. We can use oil in many ways. As such, oil is refined and used in food,natural gas is extracted from oil and fuels such as petrol and diesel are extracted from oil. Oil is also used as a lubricant in machinery.

Oil spills in the sea during transport cause water pollution. It destroys sea biodiversity and affecting endangered ones like sea turtles and humpback whales. Petroleum products such as petrol and diesel are used to run vehicles. It causes air pollution as gases like carbon dioxide are expelled.








# HOW TO CONSERVE THE USE OF FOSSILS

* Solar power can be used in automoblies.
*Prefer public transport rather than using automoblies.
*For nearby places use bicycles.
*Walking is also the best option for covering short distance.
*Obey the rules implemented for conservation of fuels.
*Oil conservation week is also celebrated to let people know the importance of petrol and diesel.
Save fuel for better environment and better future.Because when man's need converts into men's greed then destruction cannot be prevented....

Anjana Sebastian
10B




Sneha M Ajith- 10B
Subdistrict digital painting 1st

# വിദ്യാർത്ഥികളും സാമൂഹിക പ്രതിബദ്ധതയും

വിദ്യാർഥികൾക്ക് സമൂഹത്തോട് വളരെ വലിയ കടമയാണുള്ളത്. സമൂഹത്തിൽ വലിയ പങ്കുവഹിക്കുന്നവരാണ് വിദ്യാർത്ഥികൾ. പൊതുസ്ഥലങ്ങളിൽ പാലിക്കേ മര്യാദകളും മുതിർന്നവരോടുള്ള ബഹുമാനവുമെല്ലാം വിദ്യാർത്ഥികൾ പാലിച്ചേ തീരൂ. എന്നാൽ ഇന്നത്തെ വിദ്യാർത്ഥികൾ മനുഷ്യത്വവും മറ്റ് മാനുഷിക മൂല്യങ്ങളുമെല്ലാം ഇല്ലാത്തവരായാണ് വളരുന്നത്. നല്ല വിദ്യാർത്ഥികളാണ് നല്ല സമൂഹത്തിന് രൂപം നൽകുന്നത്. അറിവുള്ളവർക്ക് ലോകത്തെ നയിക്കാനാവും വിദ്യാഭ്യാസം സിദ്ധിച്ച വിദ്യാർത്ഥികൾക്ക് സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വവും ആചാരങ്ങളുമെല്ലാം ഇല്ലാതാക്കാനാവും. വിദ്യാർഥികൾ ആദ്യമായി നല്ല പെരുമാറ്റ **രീതി അഭ്യസിക്കേണ്ടതുണ്ട്.** പൊതുസ്ഥലങ്ങളിലും റോഡിലും എല്ലാം പാലിക്കേണ്ട നിയമങ്ങൾ പാലിച്ച് വേണം വിദ്യാർത്ഥികൾ വളരാൻ. പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കും. **പ്രകൃതിയാകുന്ന** അമ്മയുടെ പ്രകൃതി വിഭവങ്ങൾ പാഴാക്കാതെ **ആവശ്യത്തിനു** മാത്രം ഉപയോഗിക്കാൻ വിദ്യാർത്ഥികൾ പരിശ്രമിക്കണം. അതോടൊപ്പം വിദ്യാർഥികൾ നല്ല ശീലങ്ങളും വളർത്തിയെടുക്കണം, നല്ലതുമാത്രം സ്വീകരിക്കാനും മറ്റുള്ളവ ഒഴിവാക്കാനും കഴിയണം. മറ്റുള്ളവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന തലമുറ ഇന്ന് വളർന്നു വരേണ്ടത് അത്യാവശ്യമാണ്. ആരെയും ഒറ്റപ്പെടുത്താതെ എല്ലാവരെയും സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. മാതാപിതാക്കളും ഗുരുക്കന്മാരും പകർന്നുതരുന്ന അറിവുകൾ വിദ്യാർത്ഥികളിൽ നല്ല വ്യക്തിത്വം കൈവരിക്കും. നല്ല മനുഷ്യരായി തീരുന്നതിനുമുള്ള സാഹചര്യം ആദ്യം ഒരുക്കി കൊടുക്കാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും സാധിക്കണം. നല്ലതുമാത്രം പ്രവർത്തിക്കാനും നന്മകൾ ചെയ്യാനും മാനുഷിക മൂല്യങ്ങൾ മുറുകെ പിടിക്കാനും മാതാപിതാക്കളെ ബഹുമാനിക്കാനും പ്രകൃതിയെ സംരക്ഷിക്കാനും അച്ചടക്കം പാലിക്കാനും എല്ലാം വിദ്യാർത്ഥികൾ പരിശീലിക്കണം. എങ്കിൽ മാത്രമേ നല്ല സമൂഹവും നല്ല തലമുറയും വളർന്നു വരികയുള്ളൂ.

# കണ്ണീർ മഴയോർമ്മ



അന്നൊരു ശനിയാഴ്ചയായിരുന്നു. ജോലി കഴിഞ്ഞുവന്ന് ഭക്ഷണത്തിനു ശേഷം അയാൾ ഉറങ്ങാൻ കിടന്നു. ഉറക്കം തീരെ വരുന്നില്ല. ഒരു വർഷത്തോളമായി നാടും വീടും വിട്ട് അയാൾ വിദേശത്താണ് നാളെ ഞായറാഴ്ചയാണ് ഓഫീസ് അവധിയാണ്. പുറത്ത് നല്ല മഴയാണ് അയാൾ പെട്ടെന്ന് തന്റെ കുട്ടിക്കാലത്തേക്ക് പോയി.

അച്ഛനും അമ്മയും അനുജത്തിയും ചേട്ടനും ഉള്ള ഒരു കൊച്ചു കുടുംബം ആയിരുന്നു അവന്റെ. എല്ലാവരും അവനെ ലാലു എന്നാണ് വിളിച്ചിരുന്നത്. അവന്റെ അനുജത്തി എന്നാൽ ഇരട്ട സഹോദരിയാണ് ആണ്. രണ്ടുപേരും ഒരുമിച്ചാണ് സ്കൂളിൽ പോയിരുന്നതും തിരിച്ചു വന്നിരുന്നതും. ഒരു അവധി സമയത്ത് ചേട്ടൻ ഇല്ലാതെ അച്ഛനെയും അമ്മയുടെയും ഒപ്പം അവർയാത്ര പോയി. അടുത്തുള്ള സ്ഥലത്താണ് അവർ പോയത് . വെള്ളച്ചാട്ടം ഉള്ള സ്ഥലം ആയിരുന്നു അത്. അവർ വെള്ളച്ചാട്ടത്തിനടുത്തേക്ക് വനത്തിലൂടെ നടന്നു. മാനിനെയും കുരങ്ങന്മാരേയും മറ്റും കണ്ടു. അവയുടെ ചിത്രങ്ങളെല്ലാം എടുത്തു. അങ്ങനെ വെള്ളച്ചാട്ടത്തിന് അടുത്തെത്തി. കുറച്ചുനേരം വെള്ളത്തിൽ ഒക്കെ ഇറങ്ങി. പിന്നെ കുറച്ചു

കൂടെ നീങ്ങിയപ്പോൾ ഒരു പാറയിൽ കയറണമെന്ന് പറഞ്ഞു. അച്ഛൻ പറഞ്ഞു 'മോനേ നല്ല ഒഴുക്കുണ്ട് സൂക്ഷിച്ചു നടക്കണം.' അമ്മയേയും അനുജത്തിയേയും കൂടെ വിളിച്ചു. അച്ഛൻ അവരെ കൈപിടിച്ചു നടത്തി. അവർ പാറയിൽ കയറി നിന്നുകൊണ്ട് ചിത്രങ്ങളെടുത്തു. ലല്ലുവും അനുജത്തിയും വെള്ളത്തിൽ കാൽ ഇട്ടിരുന്നു. പെട്ടെന്ന് ആകാശം ഇരുണ്ടു. മഴ വന്നു. ശക്തിയായ കാറ്റും മഴയും. അവർ കുടചൂടി. വെള്ളത്തിന്റെ ഒഴുക്ക് ശക്തിപ്പെട്ടു.. പെട്ടെന്നാണ് അത് സംഭവിച്ചത്. അനുജത്തി കാൽ വഴുതി വെള്ളത്തിൽ വീണു. കലിതുള്ളി പെയ്യുന്ന മഴയിൽ അവളെയും കൊണ്ട് വെള്ളച്ചാട്ടത്തിലേക്ക് പുഴയൊഴുകി. അച്ഛൻ അവളെ രക്ഷിക്കാനായി വെള്ളത്തിലേക്ക് ചാടി. ശക്തമായ ഒഴുക്ക്. സുരക്ഷാ ജീവനക്കാരൻ വന്ന് അമ്മയെയും അവനെയും സുരക്ഷിത സ്ഥാനത്തെത്തിച്ചു. അവർ അച്ഛനെയും മകളെയും രക്ഷിക്കുവാൻ ശ്രമിച്ചെങ്കിലും വെള്ളച്ചാട്ടം അവരെ കൊണ്ടുപോയി. ആർക്കും ഇനി രക്ഷിക്കാൻ എത്തുവാൻ കഴിയാത്ത ലോകത്തേക്ക്. അവരുടെ ശരീരം പോലും ലഭിച്ചില്ല. അവർ വെള്ളച്ചാട്ടത്തിന്റെ അഗാധ ഗർത്തത്തിലേക്ക് പതിച്ചു. അയാൾ ഓർമ്മകളിൽ നിന്നും ഞെട്ടിയുണർന്നു. പിന്നെ കുറെ നേരം കരഞ്ഞു അമ്മ ഇപ്പോൾ ചേട്ടന്റെ കൂടെയാണ്. അങ്ങിനെ ഉല്ലാസ യാത്രക്കിടയിലെ മഴയോർമ്മ കണ്ണീര് ഓർമ്മയായി. ഒരിക്കലും മറക്കാനാവാത്ത കണ്ണീർ മഴയോർമ്മ...

Bijay Benny - 9B







ചവിട്ടു നാടകം   State level   A grade






കുട്ടികളെ സോപ്പു നിർമാണം പരിചയപ്പെടുത്തുന്നു



# സ്ത്രീ പീഡനം

ഏതോ മാതാപിതാക്കന്മാർ
നൊന്തുപെറ്റു വളർത്തി
പ്രതീക്ഷയോടെ വളർത്തുന്ന
പെൺകുട്ടികളെ ഏതോ
കാമഭ്രാന്തന്മാർ വേട്ടയാടുന്നു.
സ്ത്രീകളെ സ്വന്തം സഹോദരിയെ പോലെ
കാണാൻ കണ്ണില്ലാതെ കണ്ണു കുരുടായ
അന്ധന്മാരാണീ കൂട്ടർ
നിർഭയ എന്നപെൺകുട്ടിയെ
കൊല ചെയ്തത് പിച്ചിച്ചീന്തിയവർ
ഒന്നോർക്കണം തങ്ങൾക്കും ഉണ്ട്
അമ്മയും സോദരിമാരുമെന്ന്
ഏത് രാഷ്ട്രീയ പാർട്ടി ഭരിച്ചാലും
ഈ നീച സ്ഥിതി മാറ്റാനാവാത്ത വിധം
അനുദിനം കൂടുന്നു സ്ത്രീ പീഡനം
ശരിയായ തെളിവിന്റെ അഭാവത്തിൽ
നിയമവും നിയമ പാലകരും
നോക്കുകുത്തികളാകുന്നു.
മനസ്ഥിതി മാറാതെ
വ്യവസ്ഥിതി മാറ്റാൻ കഴിയില്ല
എന്നോർത്ത് കൊള്ളണമെല്ലാവരും.



ലിനിയ ആൻറണി
8 C



# Nature is everywhere

Nature is everywhere you go
Everything that lives and
Is nature
Animals
Big and small
Nature is plants that grows so tall
Nature is beautiful in everything
Nature is wonderful in every way
It is existing for us
And need our care





Ayana P G
9 B




വർണ്ണച്ചിറകുകൾ
സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂൾ
ഗോതുരുത്ത്